©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി VI
# (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം
## (EDUCATION)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്**
**(2022-2023)**

**SECOND REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2022-2023)**

**2022 ജൂൺ 27-ാം തീയതി സമർപ്പിച്ചത്**
**(Presented on 27th June, 2022)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VI

# (SUBJECT COMMITTEE VI)

# വിദ്യാഭ്യാസം

# (EDUCATION)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
രണ്ടാമത് റിപ്പോർട്ട്

(2022-2023)

SECOND REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2022-2023)

500/2022

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

## (2021-2023)

### ഘടന

<u>അദ്ധ്യക്ഷൻ</u>

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u>

ഡോ.ആർ. ബിന്ദു,
ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ,
മത്സ്യബന്ധന - സാംസ്കാരിക - യുവജനക്ഷേമ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. എം. വിജിൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2022 ഏപ്രിൽ 4, 20 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം ധനാഭ്യർത്ഥന നമ്പർ XVII-ൽ (വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം) ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ ഘട്ടങ്ങളിൽ കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. ധനാഭ്യർത്ഥനകളിന്മേൽ ലഭിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിന്മേൽ അധിക തുക അനുവദിക്കുന്നതിനുള്ള സമിതിയുടെ ശിപാർശകൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2022 ഏപ്രിൽ 27-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. ശിവൻകുട്ടി,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2022 ഏപ്രിൽ 27.

# റിപ്പോർട്ട്

ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

വോട്ട് ചെയ്തത് : 25655.9742 കോടി രൂപ

ചാർജ്ജ് ചെയ്തത് : 18 ലക്ഷം രൂപ

**പൊതുവിദ്യാഭ്യാസ വകുപ്പ്**

2202-01-102-99-01-4—ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം- ടീച്ചിംഗ് ഗ്രാന്റ്-ശമ്പളം-മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം : 1.9544 കോടി രൂപ (പദ്ധതിയേതരം)

1. 5849 എയ്ഡഡ് പ്രൈമറി സ്കൂൾ അധ്യാപകരുൾപ്പെടെ 66006 ജീവനക്കാരുടെ മുൻവർഷങ്ങളിലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആകയാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-102-93-02-4—പി.ടി.എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള സഹായം-വേതനം-കൺസോളിഡേറ്റഡ് പേ

ബഡ്ജറ്റ് വിഹിതം : 60 കോടി രൂപ (പദ്ധതിയേതരം)

2. പി.ടി.എ.-യുടെ നിയന്ത്രണത്തിലുള്ള 1773 സ്കൂളുകളിലെ 1948 പ്രീ-പ്രൈമറി അധ്യാപികമാർക്കും 758 ആയമാർക്കും അനുവദിച്ചിട്ടുള്ള ഓണറേറിയം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10.1645 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-104-99—പരിശോധന

ബഡ്ജറ്റ് വിഹിതം : 131.5081 കോടി രൂപ (പദ്ധതിയേതരം)

3. സംസ്ഥാനത്തെ 163 എ.ഇ.ഒ. ഓഫീസുകളിലെ മുൻ വർഷങ്ങളിലെ വൈദ്യുതി ചാർജ് കുടിശ്ശിക, വാടകയിനത്തിലുള്ള കുടിശ്ശിക തുക എന്നിവ നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 21.95033 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-111-96-03—സർവ്വശിക്ഷാ അഭിയാൻ പ്രോജക്ട് ഡയറക്ടറേറ്റ് - സമഗ്ര ശിക്ഷ അഭിയാന് സംസ്ഥാനത്തിന്റെ അധിക സഹായം

ബഡ്ജറ്റ് വിഹിതം : 13.50 കോടി രൂപ (പദ്ധതി)

4. 2686 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് പ്രതിമാസം 20,000 രൂപ ക്രമത്തിൽ ശമ്പളം നൽകുന്നതിനായും ബ്ലോക്ക് റിസോഴ്സ് സെന്ററുകളുടെ നവീകരണത്തിനായും സമഗ്രശിക്ഷയുടെ 50 ഓട്ടിസം സെന്ററുകളിൽ ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 36.76 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-112-90-01—ഉച്ചഭക്ഷണ പരിപാടി (60% കേന്ദ്രാവിഷ്കൃതം) -കേന്ദ്രവിഹിതം

ബഡ്ജറ്റ് വിഹിതം : 225 കോടി രൂപ (പദ്ധതി)

5. ഭക്ഷ്യവിതരണ ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനുള്ള കുടിശ്ശിക, കടത്തുകൂലി കുടിശ്ശിക, കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് മൂലമുള്ള അധിക ചെലവ് എന്നിവ തീർപ്പാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 174.34 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-112-90-02—ഉച്ചഭക്ഷണ പരിപാടി (60% കേന്ദ്രാവിഷ്കൃതം)-സംസ്ഥാന വിഹിതം

ബഡ്ജറ്റ് വിഹിതം : 150 കോടി രൂപ (പദ്ധതി)

6. ഭക്ഷ്യവിതരണം ചെയ്ത ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനുള്ള കുടിശ്ശിക, കടത്തുകൂലി കുടിശ്ശിക, കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് മൂലമുള്ള അധിക ചെലവ് എന്നിവ തീർപ്പാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 112.04 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-191-50—കോർപ്പറേഷനുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

ബഡ്ജറ്റ് വിഹിതം: 22 ലക്ഷം രൂപ (പദ്ധതിയേതരം)

7. കോർപ്പറേഷൻ മുഖാന്തരം പ്രൈമറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ

3.3925 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-192-50—മുനിസിപ്പാലിറ്റികൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പദ്ധതിയേതരം)

8. മുനിസിപ്പാലിറ്റി മുഖാന്തരം പ്രൈമറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 49.52034 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-196-50—ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

ബഡ്ജറ്റ് വിഹിതം : 74 ലക്ഷം രൂപ (പദ്ധതിയേതരം)

9. ജില്ലാ പഞ്ചായത്ത് മുഖാന്തരം പ്രൈമറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 11.09369 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-01-198-50—വില്ലേജ് പഞ്ചായത്തുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ

ബഡ്ജറ്റ് വിഹിതം: 2.40 കോടി രൂപ (പദ്ധതിയേതരം)

10. ഗ്രാമപഞ്ചായത്ത് മുഖാന്തരം പ്രൈമറി സ്കൂളുകളിലെ മുൻ വർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 1.5114496 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-99-06—ഭരണവും നടത്തിപ്പും - ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ-വാടക-കരം-നികുതി

ബഡ്ജറ്റ് വിഹിതം : 1.92 ലക്ഷം രൂപ (പദ്ധതിയേതരം)

11. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഔദ്യോഗിക വസതിയുടെ വാടകയുമായി ബന്ധപ്പെട്ട് പ്രതിമാസം 16000 രൂപ നിരക്കിൽ മുൻ വർഷത്തെ കുടിശ്ശിക നൽകുന്നതിന്

നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 1.12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-98—മുഖ്യജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ)

ബഡ്ജറ്റ് വിഹിതം : 84.2576 കോടി രൂപ (പദ്ധതിയേതരം)

12. സംസ്ഥാനത്തെ 14 വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ 1155 ജീവനക്കാരുടെ മുൻ വർഷങ്ങളിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വൈദ്യുതി ചെലവ്, മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപ്പണിയും, വാഹനത്തിന്റെ ഇന്ധന ചെലവ് എന്നിവയുടെ കുടിശ്ശിക തുക നൽകുന്നതിനായി 14 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-001-85-01—സ്കൂൾ വിദ്യാഭ്യാസം - നവീകരണം

ബഡ്ജറ്റ് വിഹിതം : പദ്ധതി - ഇല്ല

പദ്ധതിയേതരം - ഇല്ല

13. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പണി പൂർത്തിയായ കെട്ടിടത്തിലെ ഇന്റീരിയർ വർക്കുകൾക്കുവേണ്ടി യു.എൽ.സി.സി.എസ്. എന്ന സ്ഥാപനത്തിന് അനുവദിക്കാനുള്ള ഫണ്ട് നൽകുന്നതിലേക്കായും കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസ് നവീകരണത്തിനായും കേരളത്തിലെ മുഴുവൻ വിദ്യാഭ്യാസ ഓഫീസുകളും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറ്റുന്നതിലേക്കായും നിലവിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതിയിനത്തിൽ 13.90 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-101-99—പരിശോധന - ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ

01-4 —ശമ്പളം - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം : 6.50 ലക്ഷം രൂപ (പദ്ധതിയേതരം)

05-2 —ഓഫീസ് ചെലവുകൾ - വൈദ്യുത ചെലവ്

ബഡ്ജറ്റ് വിഹിതം : 11.55 ലക്ഷം രൂപ (പദ്ധതിയേതരം)

14.38 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ മുൻ വർഷങ്ങളിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തുകയും വൈദ്യുതി ചാർജ് ഇനത്തിലുള്ള കുടിശ്ശിക തുകയും നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 8 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-106-99—പാഠപുസ്തകങ്ങൾ-പാഠപുസ്തക പ്രസിദ്ധീകരണം

ബഡ്ജറ്റ് വിഹിതം : 68.0507 കോടി രൂപ (പദ്ധതിയേതരം)

15. പാഠപുസ്തക ഓഫീസിലെ മുൻവർഷങ്ങളിലെ പ്രിന്റിംഗ് ചാർജ്ജ്, വിതരണ ചാർജ്ജ് കുടിശ്ശിക, സാധനസാമഗ്രികൾ വാങ്ങൽ എന്നീ ചെലവുകൾ വഹിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 80 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-108-99—പരീക്ഷകൾ - പരീക്ഷാ വിഭാഗം

ബഡ്ജറ്റ് വിഹിതം : 33.9431 കോടി രൂപ (പദ്ധതിയേതരം)

16. പരീക്ഷാ വിഭാഗത്തിലെ 131 ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, അവധിയാത്രാ ആനുകൂല്യം, വാട്ടർ ചാർജ്ജ്, ഇന്ധന ചെലവ് കുടിശ്ശിക എന്നിവ തീർപ്പാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10.2559 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-99-04-4—ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകൾ-യാത്രാച്ചെലവുകൾ-അവധിയാത്രാനുകൂല്യം

ബഡ്ജറ്റ് വിഹിതം : 7 ലക്ഷം രൂപ (പദ്ധതിയേതരം)

17. സംസ്ഥാനത്തെ 1006 ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകളിലെ 24191 ജീവനക്കാരുടെ മുൻ വർഷങ്ങളിലെ അവധിയാത്രാ ആനുകൂല്യം ഇനത്തിലുള്ള കുടിശ്ശിക തുക നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-74—ഹയർ സെക്കണ്ടറി വിദ്യാഭ്യാസം -വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടി

ബഡ്ജറ്റ് വിഹിതം : 7.75 കോടി രൂപ (പദ്ധതി)

18. കരിയർ ഗൈഡുമാർക്കും സംസ്ഥാനത്തെ എല്ലാ സൗഹൃദ കോ-ഓർഡിനേറ്റർമാർക്കും റെസിഡൻഷ്യൽ പരിശീലനം നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-71—അക്കാദമിക് എക്സലൻസ്

ബഡ്ജറ്റ് വിഹിതം : 25.20 കോടി രൂപ (പദ്ധതി)

19. സംസ്ഥാനത്തെ സ്കൂൾ തലത്തിൽ വിദ്യാഭ്യാസ മികവ് ഉറപ്പ് വരുത്തുന്നതിനും അധ്യാപക പരിശീലനം നൽകുന്നവർക്ക് പരിശീലനം നൽകുന്നതിനും സബ് ജില്ലാ/സംസ്ഥാനതല ശാസ്ത്രോത്സവം ഉൾപ്പെടെയുള്ള ക്ലബ്ബ്തല പ്രവർത്തനങ്ങൾക്കും സംസ്കൃത സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിലേക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 79.30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-70—സ്കൂൾ വിദ്യാഭ്യാസം - വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ

ബഡ്ജറ്റ് വിഹിതം : 82.80 കോടി രൂപ (പദ്ധതി)

20. വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങളുടെ ഭാഗമായി എം. ജി.എൽ.സി.-കൾക്കുള്ള ഓണറേറിയം, ഏൺഡ് ലീവ് സറണ്ടർ, ഫെസ്റ്റിവൽ അലവൻസ് എന്നിവയ്ക്കായും ദേശീയ/സംസ്ഥാന സ്കൂൾ സ്പോർട്സ് ജേതാക്കൾക്കുള്ള പെയ്ഡ് മണി എന്നിവയ്ക്കായുമുള്ള നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 12.6350666 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-69—സ്കൂൾ വിദ്യാഭ്യാസം - അടിസ്ഥാന സൗകര്യം

ബഡ്ജറ്റ് വിഹിതം : പദ്ധതി - ഇല്ല

പദ്ധതിയേതരം-ഇല്ല

21. സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതിയിനത്തിൽ 150 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-02-109-61—<u>പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം : 3.50 കോടി രൂപ (പദ്ധതി)

22. ജില്ലാ/ഉപജില്ലാ സ്പോർട്സ് മീറ്റുകൾ, സംസ്ഥാന ചാമ്പ്യൻഷിപ്പുകൾ എന്നിവ നടത്തുന്നതിനായും സംസ്ഥാനതല സ്കൂൾ കായിക മേളയുടെ നടത്തിപ്പിനായി സ്പോർട്സ് സെക്ഷനിലേക്ക് പുതിയ വാഹനം വാങ്ങുന്നതിനായും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ <u>4.46 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-02-191-50—<u>മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

ബഡ്ജറ്റ് വിഹിതം: 15 ലക്ഷം രൂപ (പദ്ധതിയേതരം)

23. കോർപ്പറേഷൻ മുഖാന്തരം സെക്കണ്ടറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>2.70851 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-02-192-50—<u>മുനിസിപ്പാലിറ്റികൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

ബഡ്ജറ്റ് വിഹിതം: 25 ലക്ഷം രൂപ (പദ്ധതിയേതരം)

24. മുനിസിപ്പാലിറ്റികൾ മുഖാന്തരം സെക്കണ്ടറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>71.33926 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-02-196-50—<u>ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം-റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ</u>

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പദ്ധതിയേതരം)

25. ജില്ലാ പഞ്ചായത്തുകൾ മുഖാന്തരം സെക്കണ്ടറി സ്കൂളുകളിലെ മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണ കുടിശ്ശിക തീർപ്പാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>1.6323387 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2202-80-004-91-36—ഗവേഷണം - സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) -സഹായധനം -ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 19 കോടി രൂപ (പദ്ധതി)

1,000 രൂപ (പദ്ധതിയേതരം)

26. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള വിവിധ വിഷയങ്ങളുടെ പാഠപുസ്തകങ്ങൾ, അദ്ധ്യാപക സഹായികൾ, ഡിജിറ്റൽ വിഭവങ്ങൾ എന്നിവ തയ്യാറാക്കുന്നതിനും സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനും വിവിധ ജില്ലകളിലായി അന്തർദേശീയ-ദേശീയ വിദഗ്ധരെ ഉൾപ്പെടുത്തിയുള്ള സെമിനാറുകൾ സംഘടിപ്പിക്കൽ, ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നാഷണൽ സെമിനാർ, അദ്ധ്യാപക ശാക്തീകരണം എന്നീ പരിപാടികൾക്കുമായി പദ്ധതിയിനത്തിൽ 2.70 കോടി രൂപയും എസ്.സി.ഇ.ആർ.ടി. ജീവനക്കാരുടെ 2022-23 വർഷത്തെ ശമ്പളം, ടി. എ., ഓഫീസ് ചെലവുകൾ, വാടക, നികുതി എന്നീ ചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ 10 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഉന്നതവിദ്യാഭ്യാസ വകുപ്പ്**

2202-03-102-99-31—സർവ്വകലാശാലകൾക്കുള്ള സഹായം -കേരള സർവ്വകലാശാല – സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 320.221 കോടി രൂപ (പദ്ധതിയേതരം)

27. ശമ്പള പരിഷ്കരണം, പെൻഷൻ പരിഷ്കരണം എന്നിവമൂലമുള്ള പെൻഷൻ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 46.32 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-98—കോഴിക്കോട് സർവ്വകലാശാല

31—സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം: 244.497 കോടി രൂപ (പദ്ധതിയേതരം)

28. യു.ജി.സി. ശമ്പള പരിഷ്കരണ പ്രകാരവും സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണപ്രകാരവുമുള്ള ശമ്പളം, ശമ്പള കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ എന്നീ ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ

60.583 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 5.0064 കോടി രൂപ (പദ്ധതി)

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 24.7936 കോടി രൂപ (പദ്ധതി)

29. പദ്ധതി നടത്തിപ്പിനായി യൂണിവേഴ്സിറ്റി കണ്ടിജൻസി ഫണ്ടിൽ നിന്നെടുത്ത രൂപ തിരിച്ചടയ്ക്കുന്നതിനും നാക് (NAAC) അക്രെഡിറ്റേഷന് മുന്നോടിയായുള്ള വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 16.6407626 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-97 —മഹാത്മാഗാന്ധി സർവ്വകലാശാല

ബഡ്ജറ്റ് വിഹിതം : 34.40 കോടി രൂപ (പദ്ധതി)

196.02 കോടി രൂപ (പദ്ധതിയേതരം)

30. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പഠന വകുപ്പുകളുടെ അടിസ്ഥാന സൗകര്യ വികസനം, ജീവനക്കാരുടെ ശമ്പളം, പെൻഷൻ, ശമ്പള പരിഷ്കരണ കുടിശ്ശിക, മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 132.4628 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-93—ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

31—സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 73.909 കോടി രൂപ (പദ്ധതിയേതരം)

35—മൂലധന ആസ്തികളുടെ രൂപീകരണം-സഹായധനം

ബഡ്ജറ്റ് വിഹിതം : 2.2254 കോടി രൂപ (പദ്ധതി)

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 18.1746 കോടി രൂപ (പദ്ധതി)

31. നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും അദ്ധ്യാപകരുടെ ക്വാർട്ടേഴ്സ്, കുട്ടികളുടെ ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം, പഠന വകുപ്പുകൾക്കാവശ്യമായ ഫർണിച്ചറുകൾ, ഓഫീസ് ഓട്ടോമേഷൻ പൂർത്തീകരണം എന്നിവയ്ക്കായും പദ്ധതിയിനത്തിൽ 2.47 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 55.9851 കോടി രൂപയും പി.എഫ്., പെൻഷൻ ഫണ്ട് എന്നിവയിൽ നിക്ഷേപിക്കുവാൻ കഴിയാതെ പോയ മുൻബാധ്യതകൾ തീർപ്പാക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 113.6026 കോടി രൂപയും കൂടി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-92—കണ്ണൂർ സർവ്വകലാശാല ധനസഹായം

31—സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം: 66.1760 കോടി രൂപ (പദ്ധതിയേതരം)

32. അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കുടിശ്ശിക നൽകുന്നതിനും അദ്ധ്യാപകരുടെ ശമ്പള ഇനത്തിലുള്ള കുടിശ്ശിക തുക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും മറ്റുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 32.524 കോടി രൂപ പദ്ധതിയേതരയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-77-36—നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ന്യുവാൽസ്)-സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 12 കോടി രൂപ (പദ്ധതി)

33. ന്യുവാൽസിന്റെ ക്യാമ്പസ് വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 12.03 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-102-72—തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

31—സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം: 5.335 കോടി രൂപ (പദ്ധതിയേതരം)

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 5.8236 കോടി രൂപ (പദ്ധതി)

34. ക്യാമ്പസിന്റെ വികസന പ്രവർത്തനങ്ങൾക്കായും ജീവനക്കാരുടെ ശമ്പളം, ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ ഫണ്ട് കുടിശ്ശിക, വാഹന വാടക, ഇന്ധനം, യാത്രാബത്ത, വൈദ്യുതി, ടെലഫോൺ, മീറ്റിംഗ് ചെലവ്, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായും അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 11.90 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 12.8174 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-99—ആർട്സ് ആന്റ് സയൻസ് കോളേജുകൾ

05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 22 ലക്ഷം രൂപ (പദ്ധതിയേതരം)

35. പുതിയ കോളേജുകൾ നിലവിൽ വന്ന സാഹചര്യത്തിനനുസൃതമായി വർദ്ധിച്ച വെള്ളക്കരം ഒടുക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 7 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-2—ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 1.4553 കോടി രൂപ (പദ്ധതിയേതരം)

36. പുതിയ കോളേജുകൾ നിലവിൽ വന്ന സാഹചര്യത്തിനനുസൃതമായി വർദ്ധിച്ച വൈദ്യുതി ചെലവ് ഒടുക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ വൈദ്യുതി ചെലവ് ഇനത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-92—തിരുവനന്തപുരം ലോ കോളേജ്

01-1—ശമ്പളം

ബഡ്ജറ്റ് വിഹിതം : 5.5166 കോടി രൂപ (പദ്ധതിയേതരം)

05 -1—ഓഫീസ് ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം: 2.63 ലക്ഷം രൂപ (പദ്ധതിയേതരം)

05-3—ഓഫീസ് ചെലവുകൾ ടെലിഫോൺ ചെലവുകൾ

ബഡ്ജറ്റ് വിഹിതം: 58,000 രൂപ (പദ്ധതിയേതരം)

37. തിരുവനന്തപുരം ലോ കോളേജ് ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ശമ്പള ഇനത്തിൽ 7.6 ലക്ഷം രൂപയും വെള്ളക്കരം ഇനത്തിൽ 50,000 രൂപയും ടെലിഫോൺ ചാർജ് ഇനത്തിൽ 2 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-90—എറണാകുളം ലോ കോളേജ്

01-1—ശമ്പളം

ബഡ്ജറ്റ് വിഹിതം : 4.3321 കോടി രൂപ (പദ്ധതിയേതരം)

38. അദ്ധ്യാപകരുടെ പേ റിവിഷൻ അരിയർ ബില്ലുകൾ മാറി നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.4773 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-4—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ (പദ്ധതിയേതരം)

39. ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 62,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-89—കോഴിക്കോട് ലോ കോളേജ്

02-2—വേതനം - ക്ഷാമബത്ത

ബഡ്ജറ്റ് വിഹിതം: 56,000 രൂപ (പദ്ധതിയേതരം)

04-4—യാത്രാച്ചെലവുകൾ അവധിയാത്രാനുകൂല്യം

ബഡ്ജറ്റ് വിഹിതം —1,000 രൂപ (പദ്ധതിയേതരം)

05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം: 1 ലക്ഷം രൂപ (പദ്ധതിയേതരം)

05-3—ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം: 60,000 രൂപ (പദ്ധതിയേതരം)

40. കോഴിക്കോട് ലോ കോളേജിലെ ജീവനക്കാരുടെ ക്ഷാമബത്ത, അവധിയാത്രാനുകൂല്യം, വെള്ളക്കരം, ടെലിഫോൺ ചെലവ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ക്ഷാമബത്ത (വേതനം) ഇനത്തിൽ 41,000 രൂപയും അവധിയാത്രാനുകൂല്യയിനത്തിൽ 99,000 രൂപയും വെള്ളക്കരം ഇനത്തിൽ 1 ലക്ഷം രൂപയും ടെലിഫോൺ ചെലവിനത്തിൽ 54,000 രൂപയും ചേർത്ത് ആകെ പദ്ധതിയേതരയിനത്തിൽ 2.94 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-83—തൃശ്ശൂർ ലോ കോളേജ്

01-1—ശമ്പളം

ബഡ്ജറ്റ് വിഹിതം : 3.0887 കോടി രൂപ (പദ്ധതിയേതരം)

01-3—ശമ്പളം - വീട്ടുവാടക അലവൻസ്

ബഡ്ജറ്റ് വിഹിതം : 24.70 ലക്ഷം രൂപ (പദ്ധതിയേതരം)

41. തൃശ്ശൂർ ലോ കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. ശമ്പള പരിഷ്കരണം നൽകേണ്ടതിനാൽ ശമ്പളം ഇനത്തിൽ 80 ലക്ഷം രൂപയും വീട്ടുവാടക അലവൻസ് ഇനത്തിൽ 10 ലക്ഷം രൂപയും ചേർത്ത് പദ്ധതിയേതരയിനത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-57—രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (ആർ.യു.എസ്.എ) (60% സി.എസ്.എസ്)

ബഡ്ജറ്റ് വിഹിതം: 125 കോടി രൂപ (പദ്ധതി)

കേന്ദ്ര വിഹിതം : 75 കോടി രൂപ

സംസ്ഥാന വിഹിതം: 50 കോടി രൂപ

42. റൂസയുടെ പ്രവർത്തനത്തിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. കേന്ദ്രവിഹിതമായ 156 കോടി രൂപ ലഭിക്കാനുണ്ട്. കേന്ദ്ര വിഹിതത്തിനാനുപാതികമായുള്ള സംസ്ഥാന വിഹിതം നിലവിലെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ 115.67 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-103-56—ഹയർ എഡ്യൂക്കേഷൻ കൗൺസിൽ

ബഡ്ജറ്റ് വിഹിതം: 18 കോടി രൂപ (പദ്ധതി)

43. പുതിയ പദ്ധതികളും പ്രോഗ്രാമുകളും വിഭാവനം ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇ-ജേർണൽ കൺസോർഷ്യം, അദ്ധ്യാപന പരിശീലന പരിപാടി (FDP), ആസ്ഥാന മന്ദിര നിർമ്മാണം, ബഹു. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നിവയ്ക്ക് അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 82.20 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-03-105-97-02—അധിക വൈദഗ്ധ്യം ആർജ്ജിക്കുന്നതിനുള്ളപദ്ധതി (എ.എസ്.എ. പി.) (എഫ്.എ.പി)

ബഡ്ജറ്റ് വിഹിതം : 35 കോടി രൂപ (പദ്ധതി)

44. ഏഴ് സ്കിൽ പാർക്കുകളുടെ നിർമ്മാണം, പരിപാലനം, അസാപ്പിന്റെ തൊഴിൽ നൈപുണ്യ പരിശീലനം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 61.7225 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-04-001-93—തുടർവിദ്യാഭ്യാസ കേന്ദ്രം

ബഡ്ജറ്റ് വിഹിതം : 7 കോടി രൂപ (പദ്ധതി)

പദ്ധതിയേതരം - ഇല്ല

45. മൂന്നാർ കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ ശമ്പള ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-80-800-45—കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ് ആന്റ് ആർട്ട്

31—സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 1.23 കോടി രൂപ (പദ്ധതി)

2.3473 കോടി രൂപ (പദ്ധതിയേതരം)

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : പദ്ധതി - ഇല്ല

പദ്ധതിയേതരം - ഇല്ല

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 1.77 കോടി രൂപ (പദ്ധതി)

1.7151 കോടി രൂപ (പദ്ധതിയേതരം)

46. കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സിൽ പുതിയ വിദ്യാർത്ഥികളുടെ ഡിപ്ലോമ പ്രോജക്ടിനുവേണ്ടിയും നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും മറ്റുമായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ശമ്പളേതരം, മൂലധന ആസ്തികളുടെ രൂപീകരണം എന്നീ ചെലവുകൾക്കായി '45-36' , '45-35' എന്നീ ഉപശീർഷകങ്ങളിൽ പദ്ധതിയിനത്തിൽ യഥാക്രമം 1.73 കോടി രൂപയും 14 കോടി രൂപയും പദ്ധതിയേതരയിനത്തിൽ '45-31' , '45-36' എന്നീ ഉപശീർഷകങ്ങളിൽ യഥാക്രമം 1.1527 കോടി രൂപയും 1.7849 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-001-93—വകുപ്പിന്റെ ശക്തിപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം: 1.5 കോടി രൂപ (പദ്ധതി)

47. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ അഞ്ച് ഓഫീസുകളുടെ ആധുനിക വൽക്കരണത്തിനും, പ്രധാന ദേശീയ സ്ഥാപനങ്ങളിൽവച്ച് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും മറ്റുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ടി പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-102-99—കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല (കുസാറ്റ്)

31—സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം: 168.157 കോടി രൂപ (പദ്ധതിയേതരം)

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 6.197 കോടി രൂപ (പദ്ധതി)

48. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിൽ ഹെൽത്ത് സെന്റർ ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 56 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

49. പ്രവേശന പരീക്ഷ നടത്തിപ്പ് ചെലവുകൾ, വൈദ്യുതി ചാർജ്, വെള്ളക്കരം, പെൻഷൻ പരിഷ്കരണം മൂലമുണ്ടായ അധിക ബാധ്യത, യു.ജി.സി/എ.ഐ.സി.ടി.ഇ. ഡി.എ. റിവിഷൻ, അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ, റിസർച്ച് സ്കോളർഷിപ്പ് എന്നിവയ്ക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 83.5074 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-102-97—കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി(ഡോ.എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)

31—സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : പദ്ധതി - ഇല്ല

പദ്ധതിയേതരം - ഇല്ല

50. ഡോ. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ജീവനക്കാരുടെ ശമ്പള ചെലവുകൾക്കായി സഹായധനം - ശമ്പളം എന്ന ഉപശീർഷകം 31-ൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 16.0337 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 7.128 കോടി രൂപ (പദ്ധതി)

51. ഡോ.എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനും യൂണിവേഴ്സിറ്റി ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 213.872 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 14.472 കോടി രൂപ (പദ്ധതി)

52. ഡോ. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ പഠനവിഭാഗങ്ങൾ ആരംഭിക്കുന്നതിനും സർവ്വകലാശാലയുടെ വിദ്യാർത്ഥി നൈപുണ്യ വികസന പദ്ധതികൾ ഉൾപ്പെടെ 19 ഘടകങ്ങളുടെ സ്ഥാപക ചെലവുകൾക്കുമായി

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 136.528 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 40.381 കോടി രൂപ (പദ്ധതിയേതരം)

53. ഡോ. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലെ ശമ്പളേതര ആവർത്തന ചെലവുകൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമേ 54.9064 കോടി രൂപ പദ്ധതിയേതരയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-103-99-06—ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം-വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം: 19 ലക്ഷം രൂപ (പദ്ധതിയേതരം)

54. ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക തീർപ്പാക്കുന്നതിനായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 15 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-105-91-34-2—ടെക്നിക്കൽ ഹൈസ്കൂളുകളെ പോളിടെക്നിക്കുകളായി ഉയർത്തുന്നതിനുള്ള വിഹിതം - മറ്റ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം—37.80 ലക്ഷം രൂപ (പദ്ധതിയേതരം)

55. പോളിടെക്നിക്കുകളിലെ വൈദ്യുതി ബില്ലുകളുടെ കുടിശ്ശിക തീർപ്പാക്കുന്നതിനായി ബഡ്ജറ്റ് വിഹിതത്തിന് പുറമേ 8 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-105-79—സർക്കാർ പോളിടെക്നിക്കുളുടെ വികസനം

ബഡ്ജറ്റ് വിഹിതം: 20 കോടി രൂപ (പദ്ധതി)

56. നടുവിൽ പോളിടെക്നിക്കിലെ വിവിധ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പിണറായി എഡ്യൂക്കേഷൻ ഹബ്ബിൽ പുതിയ പോളിടെക്നിക്കിന്റെ പ്രാരംഭപ്രവർത്തനങ്ങൾ സംബന്ധിച്ച ചെലവുകൾക്കും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 3.30 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-72—സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡവലപ്മെന്റ്

ബഡ്ജറ്റ് വിഹിതം: 3 കോടി രൂപ (പദ്ധതി)

57. പ്രസ്തുത ശീർഷകത്തിലെ വിവിധ ചെലവുകൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമേ 1.672 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-61-36—കേരള സംസ്ഥാന സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം - സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 21 കോടി രൂപ (പദ്ധതി)

58. കോട്ടയം സയൻസ് സിറ്റി നിർമ്മാണം പൂർത്തിയാക്കി 2023-24-ൽ തുറന്നുകൊടുക്കുന്നത് ഉൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 16 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59. വരുംവർഷങ്ങളിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി പദ്ധതിയേതര ശീർഷകം അനുവദിച്ച് മതിയായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-60—ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി)

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം: 15.162 കോടി രൂപ (പദ്ധതി)

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം :7.638 കോടി രൂപ (പദ്ധതി)

60. ഐ.എച്ച്.ആർ.ഡി. സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31—സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം—14.8168 കോടി രൂപ (പദ്ധതിയേതരം)

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 5.7459 കോടി രൂപ (പദ്ധതിയേതരം)

61. ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും റെഗുലേറ്ററി ബോഡികൾ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ '31-സഹായധനം-ശമ്പളം' എന്ന ഉപശീർഷകത്തിൽ 80.1832 കോടി രൂപയും '36-സഹായധനം-ശമ്പളേതരം' എന്ന ഉപശീർഷകത്തിൽ 4.2541 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-112-58—എൽ.ബി.എസ്.സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 1.1256 കോടി രൂപ (പദ്ധതി)

62. കാസർഗോഡ് എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ അക്കാഡമിക് ബ്ലോക്ക്, മെൻസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണത്തിനും മലപ്പുറം എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്കായി ഭൂമി ഏറ്റെടുത്ത് ചുറ്റുമതിൽ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കുമായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ചെലവുകൾക്കായി യഥാക്രമം 25 കോടി രൂപയും 23 കോടി രൂപയും ചേർത്ത് ആകെ 48 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 3.2744 കോടി രൂപ (പദ്ധതി)

പദ്ധതിയേതരം-ഇല്ല

63. എൽ. ബി. എസ്. ഐ. റ്റി. ഡബ്ല്യു. പൂജപ്പുര, എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ് എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അനുബന്ധ ചെലവുകളും നിർവ്വഹിക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2203-00-800-91-36—കേരള സംസ്ഥാന നൂതന അച്ചടി പരിശീലനകേന്ദ്രം-ധനസഹായം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 4.40 കോടി രൂപ (പദ്ധതി)

73.48 ലക്ഷം രൂപ (പദ്ധതിയേതരം)

64. സെന്ററിന്റെ ഹെഡ് ഓഫീസ് കോംപ്ലക്സിൽ ഒരു അഡീഷണൽ ഫ്ലോർ നിർമ്മിക്കുന്നതിനും കോഴിക്കോട്, എറണാകുളം ഉപകേന്ദ്രങ്ങളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഒരു 5 കളർ ഷീറ്റ്ഫെഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിനും സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 6.60 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-99-05-2—സംഗീത കോളേജുകൾ - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 5.09 ലക്ഷം രൂപ (പദ്ധതിയേതരം)

65. ശില്പനിർമ്മാണത്തിനും പോളിഷിംഗിനും ഉപയോഗിക്കുന്ന ഉപകരണങ്ങൾ വൻതോതിൽ വൈദ്യുതി ഉപയോഗിക്കുന്നവയായതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം വർദ്ധിച്ച വൈദ്യുതി ചെലവ് വഹിക്കുന്നതിന് പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ചെലവുകൾക്കായി 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-94-34-1—ഫൈൻ ആർട്സ് കോളേജുകൾ, തിരുവനന്തപുരം, മാവേലിക്കര, തൃശ്ശൂർ-മറ്റുചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 50,000 രൂപ (പദ്ധതിയേതരം)

66. ഫൈൻ ആർട്സ് കോളേജിന്റെ വെള്ളക്കരം കുടിശ്ശിക സഹിതം അടച്ച് തീർക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 6 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-105-99—കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ

31—സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 5.5799 കോടി രൂപ (പദ്ധതിയേതരം)

67. ശമ്പളം, പെൻഷൻ, ക്ഷാമബത്ത, ശമ്പള/പെൻഷൻ പരിഷ്കരണ കുടിശ്ശിക എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 5.19 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം—1.10 കോടി രൂപ (പദ്ധതി)

20.3059 കോടി രൂപ (പദ്ധതിയേതരം)

68. കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ ലൈബ്രറിയുടെ കമ്പ്യൂട്ടർ വത്കരണത്തിന് പദ്ധതിയിനത്തിൽ 65 ലക്ഷം രൂപയും ലൈബ്രറികൾക്കുള്ള ഗ്രാന്റ്, അലവൻസ്, കെട്ടിട ഗ്രാന്റ്, പ്രവർത്തന ഗ്രാന്റ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 18 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-105-96—ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ്

ബഡ്ജറ്റ് വിഹിതം: 39000 രൂപ (പദ്ധതിയേതരം)

69. കോഴ്സ് നടത്തിപ്പിനുള്ള തുക 51,350 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടെങ്കിലും പ്രസ്തുത ശീർഷകത്തിൽ ആനുപാതികമായ വർദ്ധനവ് അനുവദിച്ചിട്ടില്ല. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 12,350 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-70—പബ്ലിക് യൂണിവേഴ്സിറ്റി ക്യാമ്പസ് നിർമ്മാണവും വികസനവും (മലയാളം സർവ്വകലാശാലയുടെ പുതിയ ക്യാമ്പസും ഇൻഫ്രാസ്ട്രക്ചറൽ ഫെസിലിറ്റികളും)

ബഡ്ജറ്റ് വിഹിതം: 1 ലക്ഷം രൂപ (പദ്ധതി)

70. മലയാളം സർവ്വകലാശാല ക്യാമ്പസ് വികസനത്തിനും അക്കാദമിക് - ഭരണവിഭാഗ കെട്ടിട നിർമ്മാണത്തിനുമായി പ്രസ്തുത ശീർഷകത്തിൽ 143.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്**

2202-03-112-95-31—സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്-സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം: 3.2527 കോടി രൂപ (പദ്ധതിയേതരം)

71. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.2423 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സാംസ്കാരികകാര്യ വകുപ്പ്

2202-05-102-98-36—സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം - സഹായധനം -ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 1.05 കോടി രൂപ (പദ്ധതി)

2.7011 കോടി രൂപ (പദ്ധതിയേതരം)

72. 2022-23 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ജീവനക്കാർക്ക് ശമ്പളം, ഡി.എ. കുടിശ്ശിക, പേ റിവിഷൻ കുടിശ്ശിക, ടെർമിനൽ സറണ്ടർ, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, കെട്ടിട വാടക എന്നിവ നൽകുന്നതിനും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത അഡ്വാൻസ് തുക തിരിച്ചടയ്ക്കുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-97-36—സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്- സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 1.35 കോടി രൂപ (പദ്ധതി)

1.3419 കോടി രൂപ (പദ്ധതിയേതരം)

73. 2022-23 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, പേ റിവിഷൻ കുടിശ്ശിക, മറ്റ് ഓഫീസ് ചെലവുകൾ, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്നിവ നൽകുന്നതിനും റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത തുക തിരിച്ചടയ്ക്കുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 91.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-96-36—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്-സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 1.95 കോടി രൂപ (പദ്ധതി)

3.4424 കോടി രൂപ (പദ്ധതിയേതരം)

74. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള റഫറൻസ് ലൈബ്രറിയുടെ നവീകരണം, വൈജ്ഞാനിക ഭാഷാവികസനം, വിജ്ഞാനമുദ്രണം പ്രസ്സിന്റെ ആധുനികവത്കരണം, അന്താരാഷ്ട്ര പുസ്തകോത്സവം, ആസാദ് കാ അമൃത് മഹോത്സവ് എന്നിവയുൾപ്പെടെ നിരവധി പരിപാടികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3 കോടി രൂപയും, ജീവനക്കാരുടെ ശമ്പളവും അലവൻസുകളും, ഡി. എ. കുടിശ്ശിക, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായും റിവോൾവിംഗ് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക തിരിച്ചടയ്ക്കുന്നതിനായും പദ്ധതിയേതരയിനത്തിൽ 4 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-92-36—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി-ധനസഹായം -സഹായധനം- ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 80 ലക്ഷം രൂപ (പദ്ധതി)

പദ്ധതിയേതരം - ഇല്ല

75. കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പുസ്തക വില്പന പരമാവധി വർദ്ധിപ്പിക്കുന്നതിനും ഹെഡ് ഓഫീസിന്റെ വാടക നൽകുന്നതിനും പുതിയ കെട്ടിടത്തിൽ സ്ഥല പരിമിതിമൂലം ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലം പ്രവർത്തനയോഗ്യമാക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.85 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 73.74 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2202-05-102-86 —മലയാളം മിഷൻ

ബഡ്ജറ്റ് വിഹിതം: 2 കോടി രൂപ (പദ്ധതി)

34.94 ലക്ഷം രൂപ (പദ്ധതിയേതരം)

76. മലയാളം മിഷൻ വിപുലീകരിക്കപ്പെടുകയും ഊർജ്ജസ്വലമാകുകയും ചെയ്തുകൊണ്ടിരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയിനങ്ങളിലുണ്ടായ വർദ്ധന, അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള വർദ്ധന കുടിശ്ശിക, മറ്റ് ജീവനക്കാരുടെ ശമ്പളം, വേതനം, ഇന്ധനം, വാഹനത്തിന്റെ അറ്റകുറ്റപ്പണി, ദൈനംദിന ഓഫീസ് ചെലവുകൾ, സ്റ്റേഷനറി എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 7.86 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 16.56 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-97—കേരള കലാമണ്ഡലം

31—സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം: 7.60 കോടി രൂപ (പദ്ധതിയേതരം)

77. 7-ാം യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെയും 11-ാം ശമ്പള പരിഷ്കരണത്തിന്റെയും അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 25.84 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 18.50 കോടി രൂപ (പദ്ധതി)

78. കലാമണ്ഡലത്തിലെ വിവിധ നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 72.20 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-96—ജവഹർ ബാലഭവൻ

31—സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം: 65 ലക്ഷം രൂപ (പദ്ധതിയേതരം)

79. ജവഹർ ബാലഭവൻ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പളം, ഇ.പി.എഫ്. കുടിശ്ശിക, ശമ്പള പരിഷ്കരണത്തുക, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 7.1904916 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പദ്ധതി)

1.3652 കോടി രൂപ (പദ്ധതിയേതരം)

80. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ബാലഭവനുകളിലെ കുട്ടികൾക്ക് ഗുണപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3.0356 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-101-89—തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂർ, മലപ്പുറം

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ (പദ്ധതി)

1 കോടി രൂപ (പദ്ധതിയേതരം)

81. തുഞ്ചൻ സ്മാരകത്തിൽ ആരംഭിച്ച ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നിയമിതരായ ഗൈഡ്, ഗവേഷകർ എന്നിവർക്കുള്ള പ്രതിഫലം, സാധന സാമഗ്രികളുടെ ശേഖരണം, സൂക്ഷിപ്പ്, യാത്രാ-താമസ ചെലവുകൾ, സ്മാരകത്തിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ബാലസമാജ ശില്പശാലകൾ, ലൈബ്രറി വികസനം എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 30 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-98—പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 5 കോടി രൂപ (പദ്ധതി)

9 ലക്ഷം രൂപ (പദ്ധതിയേതരം)

82. നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധ്യമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-97—കേരള സാഹിത്യ അക്കാദമി ധനസഹായം

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 3.20 കോടി രൂപ (പദ്ധതി)

1.2758 കോടി രൂപ (പദ്ധതിയേതരം)

83. സാംസ്കാരിക പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിനും ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, ഓഫീസ് ചെലവുകൾ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.80 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.07 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-91—കേരള ലളിതകലാ അക്കാദമി

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 5.25 കോടി രൂപ (പദ്ധതി)

1.7013 കോടി രൂപ (പദ്ധതിയേതരം)

84. കേരള ലളിതകലാ അക്കാദമി ആസ്ഥാന മന്ദിരത്തിന്റെയും ഗ്യാലറികളുടെയും നവീകരണം, കലാകാരന്മാർക്കുള്ള ചികിത്സാ സഹായം, ഇൻഷ്വറൻസ് പരിരക്ഷ, കിളിമാനൂർ രാജാ രവിവർമ്മ സ്മാരക നിലയം - ആർട്ടിസ്റ്റ് ഇൻ സ്റ്റുഡിയോ റസിഡൻസി വികസനം, കലാവസ്തുക്കളുടെ സ്റ്റോറേജ് നിർമ്മാണം, സ്ഥിരം - കരാർ - ദിവസവേതന ജീവനക്കാരുടെ ശമ്പളം, വേതനം എന്നിവ സംബന്ധിച്ച ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-90—കേരള സംഗീതനാടക അക്കാദമി

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 5.40 കോടി രൂപ (പദ്ധതി)

1.0935 കോടി രൂപ (പദ്ധതിയേതരം)

85. കലോത്സവങ്ങൾ, ശില്പശാലകൾ, സംഗീതോത്സവങ്ങൾ, നാടക മത്സരങ്ങൾ എന്നിങ്ങനെ അക്കാദമിയുടെ കീഴിൽ നടത്താൻ ഉദ്ദേശിക്കുന്ന വിവിധ പരിപാടികൾക്കും മറ്റ് നവീകരണ പ്രവർത്തനങ്ങൾക്കുമൊപ്പം ജീവനക്കാരുടെ വേതനം, എൻ.പി.എസ്., യാത്രാബത്ത, ശമ്പള പരിഷ്കരണ തുക, വാഹന – ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.6 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 2.5869 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-87—നിർദ്ധനരായകലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പദ്ധതിയേതരം)

86. കലാകാര പെൻഷൻ കൈപ്പറ്റുന്ന 2800 കലാകാരന്മാർക്ക് പ്രതിമാസം 1,600 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 56.80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-86—കഥകളി പരിശീലനം - മാർഗി

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 65 ലക്ഷം രൂപ (പദ്ധതി)

87. ആട്ടക്കഥകൾ ചൊല്ലിയാടി വിശദമായി വ്യാഖ്യാനിച്ച് സ്കൂൾ വിദ്യാർത്ഥികൾക്ക് കഥകളി വേഷം, ചെണ്ട, മദ്ദളം, പാട്ട്, ചുട്ടി എന്നീ വിഷയങ്ങളിൽ സൗജന്യമായി ക്ലാസ്സുകൾ നൽകുന്നതിനും കലാമണ്ഡലം പോലുള്ള സ്ഥാപനങ്ങളിൽ നിന്നും പഠിച്ചുവരുന്നവർക്ക് ഉപരിപഠനത്തിന് അവസരമൊരുക്കുന്നതിനും കൂടിയാട്ടത്തിന്റെ പരിപോഷണാർത്ഥം സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും മറ്റുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-82—തിരുവനന്തപുരം ഭാരത് ഭവൻ

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 1.05 കോടി രൂപ (പദ്ധതി)

21.11 ലക്ഷം രൂപ (പദ്ധതിയേതരം)

88. കോവിഡ് പ്രതിസന്ധിയുടെ കാലത്ത് കലാസമൂഹത്തിന് നവമാധ്യമത്തിൽ വേദി ഒരുക്കി സഹായം ലഭ്യമാക്കിയ 'മഴമിഴി' മൾട്ടി മീഡിയ മെഗാ സ്ട്രീമിംഗിന്റെ തുടർഘട്ട പ്രവൃത്തികൾക്കും ജീവനക്കാരുടെ ശമ്പളം, വാഹന വാടക, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5.09 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 95 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-76—ഗുരു ഗോപിനാഥ് നടനഗ്രാമം -വട്ടിയൂർക്കാവ്

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 38 ലക്ഷം രൂപ (പദ്ധതി)

25 ലക്ഷം രൂപ (പദ്ധതിയേതരം)

89. കേരളത്തിന്റെ തനത് നടനകലകളെയും സാംസ്കാരിക പ്രതീകങ്ങളെയും പൊതുസമൂഹത്തിൽ ഉയർത്തിയെടുക്കാനുള്ള പദ്ധതി രൂപീകരണത്തിനും കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന അദ്ധ്യാപകർ, മറ്റ് ജീവനക്കാർ എന്നിവരുടെ വേതനം, മറ്റ് ഭരണച്ചെലവുകൾ എന്നിവയുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 17 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 43 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-75—കേരളത്തിൽ നടത്തുന്ന അന്തർദേശീയ ചലച്ചിത്ര മേള

ബഡ്ജറ്റ് വിഹിതം : 66.15 ലക്ഷം രൂപ (പദ്ധതിയേതരം)

90. 27-ാമത് ഐ.എഫ്.എഫ്.കെ. സംഘടിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-74—കേരള നാടൻകല അക്കാദമി

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 2.30 കോടി രൂപ (പദ്ധതി)

25.90 ലക്ഷം രൂപ (പദ്ധതിയേതരം)

91. അക്കാദമി ആസ്ഥാനം സന്ദർശിക്കുന്നവർക്ക് വിശ്രമ മുറി ഉൾപ്പെടെ ഒരു അമിനിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായും അക്കാദമി സംഘടിപ്പിക്കുന്ന മറ്റ് പരിപാടികൾക്കായും, സ്ഥിരം ജീവനക്കാരുടെയും സെക്രട്ടറിയുടെയും ശമ്പളം, ചെയർമാൻ, വൈസ് ചെയർമാൻ എന്നിവരുടെ ഓണറേറിയം, യാത്രാപ്പടി, മറ്റ് ചെലവുകൾ എന്നിവയുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 40 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-71—കലാകാരന്മാരുടെ ഉപജീവനവും പ്രാദേശിക ആർട്ട് ഹബ്ബുകളും

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ (പദ്ധതി)

92. നിലവിലുള്ള 20 പൈതൃക ഗ്രാമങ്ങളെ കൂടാതെ പൈതൃക ഗ്രാമപദ്ധതി ബ്ലോക്ക് - വില്ലേജ് തലങ്ങളിൽ ആരംഭിക്കുന്നതിനും വിപണന മേളകൾ സംഘടിപ്പിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 7.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-68 —വാസ്തുവിദ്യാ ഗുരുകുലം

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 60 ലക്ഷം രൂപ (പദ്ധതി)

പദ്ധതിയേതരം - ഇല്ല

93. ചെങ്ങന്നൂരിൽ സ്ഥാപിതമാകുന്ന വാസ്തുവിദ്യാ ചുമർച്ചിത്ര ഗ്യാലറിക്കൊപ്പം വാസ്തുവിദ്യാ മ്യൂസിയം നിർമ്മിക്കുന്നതിനും പാരമ്പര്യ വാസ്തുവിദ്യാ ശൈലിയിലുള്ള കെട്ടിടനിർമ്മാണത്തിനും ഗുരുകുലത്തിലെ സ്ഥിരം - താല്ക്കാലിക ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5.5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-66—കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി

31—സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം: 1.0206 കോടി രൂപ (പദ്ധതിയേതരം)

94. ചലച്ചിത്ര അക്കാഡമി ജീവനക്കാരുടെ ശമ്പളപരിഷ്കരണ നടപടികൾ അന്തിമ ഘട്ടത്തിലാണെന്നിരിക്കെ അക്കാഡമിയിലെ സ്ഥിരം/കരാർ/ദിവസവേതന ജീവനക്കാരുടെ ശമ്പളം, വേതനം മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 12 കോടി രൂപ (പദ്ധതി)

2.1315 കോടി രൂപ (പദ്ധതിയേതരം)

95. മലയാള സിനിമാ മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും സിനിമാ രംഗത്തെ സാങ്കേതിക മേഖലയിൽ വനിതകൾക്ക് പരിശീലനം നൽകുന്നതിനും വിദേശ രാജ്യങ്ങളിൽ മലയാള ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനും ഓൺലൈൻ ചലച്ചിത്ര പഠന കോഴ്സുകൾ സംഘടിപ്പിക്കുന്നതിനും സാംസ്കാരിക സമുച്ചയങ്ങളിൽ ഫിലിം ഫെസ്റ്റിവൽ, ചലച്ചിത്രാസ്വാദന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ചലച്ചിത്ര പൈതൃക സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, കേരള സംസ്ഥാന ചലച്ചിത്ര അവാർഡ്, ജെ.സി. ഡാനിയേൽ അവാർഡ്, സംസ്ഥാന ടെലിവിഷൻ അവാർഡ് എന്നിവയുൾപ്പെടെ അക്കാഡമിയുടെ നിരവധി പരിപാടികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 9.50 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.50 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-65—മലയാള ചിത്രങ്ങൾക്കായുള്ള സബ്സിഡി

33—സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 1.4115 കോടി രൂപ (പദ്ധതിയേതരം)

96. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന ചിത്രങ്ങൾക്കുള്ള സബ്സിഡി കുടിശ്ശിക സഹിതം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-63—മൊയിൻകുട്ടി വൈദ്യർ മാപ്പിളകല അക്കാഡമി

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 6 ലക്ഷം രൂപ (പദ്ധതി)

25 ലക്ഷം രൂപ (പദ്ധതിയേതരം)

97. മ്യൂസിയം, ഗവേഷണ ലൈബ്രറി, ഇശൽ പൈതൃകം, ഫെല്ലോഷിപ്പ്, യുവജനങ്ങൾക്കായുള്ള കലാപരിശീലനം, മാപ്പിള സാഹിത്യത്തിലെ സ്ത്രീപഠനങ്ങൾ, ആസാദി കാ അമൃത് മഹോത്സവ്, നാദാപുരത്തെ നിർദ്ദിഷ്ട തിയേറ്റർ നിർമ്മാണം, അക്കാഡമിയിലെ ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ, മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 5.54 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 96.71 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-55—കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 55 ലക്ഷം രൂപ (പദ്ധതി)

60 ലക്ഷം രൂപ (പദ്ധതിയേതരം)

98. 2022 ഏപ്രിൽ മാസത്തിലാരംഭിച്ച് 2023 ഏപ്രിൽ മാസത്തിൽ അവസാനിക്കുന്നവിധം മഹാകവി കുമാരനാശാന്റെ നൂറ്റിഅമ്പതാം ജന്മവാർഷികാഘോഷ പരിപാടികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-41—സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള ധനസഹായം-ആവർത്തിക്കാത്തത്

ബഡ്ജറ്റ് വിഹിതം: 50 ലക്ഷം രൂപ (പദ്ധതി)

99. കലാസാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും അനാവർത്തന ധനസഹായം നൽകുന്ന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 4.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-40—വൈലോപ്പിള്ളി സംസ്കൃതി ഭവൻ (വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം) തിരുവനന്തപുരം

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 65 ലക്ഷം രൂപ (പദ്ധതി)

76.50 ലക്ഷം രൂപ (പദ്ധതിയേതരം)

100. വൈലോപ്പിള്ളി സംസ്കൃതിഭവന് കീഴിൽ പൈതൃക സാംസ്കാരിക കേന്ദ്രം സ്ഥാപിക്കൽ, വിദേശരാജ്യങ്ങളിലുൾപ്പെടെ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കൽ, സാംസ്കാരിക വിദ്യാഭ്യാസ കോഴ്സുകൾ നടത്തൽ, സംസ്കൃതി ചാനൽ ആരംഭിക്കൽ, ഓപ്പൺ എയർ ആഡിറ്റോറിയം, കൂത്തമ്പലം എന്നിവയുടെ നവീകരണം, ജീവനക്കാരുടെ വേതനം, മറ്റ് അലവൻസുകൾ, ഓഫീസ് ചെലവുകൾ, വാഹന വാടക, കെട്ടിട/പൂന്തോട്ട നവീകരണം എന്നീ ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 11.40 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.08 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-34—അന്താരാഷ്ട്ര നാടകോത്സവം

ബഡ്ജറ്റ് വിഹിതം : പദ്ധതി-ഇല്ല പദ്ധതിയേതരം -ഇല്ല

101. ലോക നാടകത്തിന്റെ നവീന പ്രവണതകളും സന്ദേശങ്ങളും പരിചയപ്പെടുത്തിക്കൊണ്ട് തൃശ്ശൂരിനുപുറമെ പ്രാദേശികാടിസ്ഥാനത്തിലും അന്താരാഷ്ട്ര നാടകോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-32—ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രം, ചെമ്പഴന്തി

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 25 ലക്ഷം രൂപ (പദ്ധതി)

25 ലക്ഷം രൂപ (പദ്ധതിയേതരം)

102. അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹോസ്റ്റൽ നിർമ്മാണം, കൺവെൻഷൻ സെന്ററുകളുടെ നിർമ്മാണം, ഗുരുദേവകൃതികൾ സംഗീതാവിഷ്കാരത്തിലൂടെയും ഡിജിറ്റൈസേഷനിലൂടെയും ജനകീയമാക്കൽ, വെള്ളയമ്പലം ശ്രീനാരായണഗുരു പാർക്കിന്റെ മേൽനോട്ട ചുമതലയുള്ള ജീവനക്കാരുടെ വേതനം, വൈദ്യുതി ചാർജ്, വെള്ളക്കരം, പൂന്തോട്ട പരിപാലനം തുടങ്ങിയ ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 6.18 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 7 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-31—കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട്

10—സംഭാവന

ബഡ്ജറ്റ് വിഹിതം : 22.50 ലക്ഷം രൂപ (പദ്ധതിയേതരം)

103. ബോർഡ് ചെയർമാന്റെ ശമ്പളം, യാത്രാബത്ത, മീറ്റിംഗ് ചെലവുകൾ, ജീനക്കാരുടെ വേതനം, വാഹന വാടക, കെട്ടിട വാടക, ഓഫീസ് ഓട്ടോമേഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 72.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-102-12—കൊങ്കണി സാഹിത്യ അക്കാഡമി

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (പദ്ധതിയേതരം)

104. ഓഫീസ് പ്രവർത്തനങ്ങളുടെ വിപുലീകരണം, പുസ്തക പ്രകാശനം, വില്പന പുസ്തകങ്ങളുടെ ശേഖരണം എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-99—പുരാവസ്തു ഗവേഷണം - പുരാവസ്തു ഗവേഷണ വകുപ്പ്

05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം: 65,000 രൂപ (പദ്ധതിയേതരം)

105. മ്യൂസിയം സന്ദർശകരുടെ എണ്ണത്തിലുള്ള വർദ്ധനമൂലം കുടിവെള്ളത്തിന്റെ ഉപയോഗം വർദ്ധിച്ചതും പ്രധാനപ്പെട്ട സംരക്ഷിത സ്മാരകങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കിയതുമൂലവുമുള്ള വർദ്ധിച്ച വെള്ളക്കരം ഒടുക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 15,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45—പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം: 4.15 ലക്ഷം രൂപ (പദ്ധതിയേതരം)

106. ഇന്ധനവില വർദ്ധനമൂലവും ഫീൽഡ് സർവ്വേ, എസ്കവേഷൻ എന്നിവയ്ക്കായി വാഹനങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത് മൂലവുമുള്ള അധിക ചെലവ് നേരിടുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-98—തൃശ്ശൂരിലെ മ്യൂസിയവും ചിത്രാലയവും

ബഡ്ജറ്റ് വിഹിതം : പദ്ധതി-ഇല്ല

പദ്ധതിയേതരം-ഇല്ല

107. തൃശ്ശൂർ ജില്ലയിലെ ശക്തൻ തമ്പുരാൻ പാലസ്, ജില്ലാ പൈതൃക മ്യൂസിയം എന്നിവയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി പദ്ധതിയേതരയിനത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-89—പുരാവസ്തു - കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പദ്ധതി)

108. കൊട്ടാരങ്ങൾ, കോട്ടകൾ, പുരാതത്വസ്ഥാനങ്ങൾ തുടങ്ങിയവയുടെ സംരക്ഷണ ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കാനും സംരക്ഷിത സ്മാരക പട്ടികയിൽ പുതുതായി ഇടം പിടിക്കുന്ന പൈതൃക നിർമ്മിതികളെ സംരക്ഷിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-85—പൈതൃക പഠന കേന്ദ്രം

ബഡ്ജറ്റ് വിഹിതം: 50 ലക്ഷം രൂപ (പദ്ധതി)

10 ലക്ഷം രൂപ (പദ്ധതിയേതരം)

109. കേരളത്തിലെ പൈതൃകത്തെ സംബന്ധിച്ച ലിഖിതങ്ങളുടെ പ്രസിദ്ധീകരണം, സെമിനാറുകൾ, വിവിധ പൈതൃകങ്ങളുടെ പ്രാമാണീകരണവും പ്രദർശനങ്ങളും പ്രഭാഷണങ്ങളും, ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും, ഓഫീസ് ചെലവുകൾ, മാൻപാർക്ക്, മ്യൂസിയം ക്യാമ്പസ് എന്നിവയുടെ പരിപാലനം എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 61.15 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 27.58 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-80—ജില്ലാതലത്തിലുള്ള പുരാവസ്തു/ പൈതൃക മ്യൂസിയം

ബഡ്ജറ്റ് വിഹിതം : 5.50 കോടി രൂപ (പദ്ധതി)

110. ജില്ലാ പൈതൃക മ്യൂസിയങ്ങൾക്കാവശ്യമായ പ്രദർശന വസ്തുക്കൾ കണ്ടെത്തി സജ്ജീകരിക്കുന്നതിനൊപ്പം അനുബന്ധ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും മലപ്പുറം, വയനാട്, തിരുവനന്തപുരം, പത്തനംതിട്ട എന്നീ ജില്ലകളിൽ തുടർന്നുപോരുന്ന പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനും മറ്റുമായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-103-77—പുരാവസ്തു പ്രസിദ്ധീകരണങ്ങൾ

ബഡ്ജറ്റ് വിഹിതം : 20 ലക്ഷം രൂപ (പദ്ധതി)

111. പുരാവസ്തു വകുപ്പിന്റെ പഠന ഗവേഷണങ്ങളും കണ്ടെത്തലുകളും പൊതുശ്രദ്ധയിൽ കൊണ്ടുവരുന്നതിനും മ്യൂസിയങ്ങളിൽ എത്തുന്ന സന്ദർശകർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നവിധം ഗൈഡ് ബുക്കുകളും ബ്രോഷറുകളും പ്രസിദ്ധീകരിക്കുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-107-91—എ.കെ.ജി. സ്മാരക മ്യൂസിയം

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ (പദ്ധതി)

112. കണ്ണൂർ-പെരളശ്ശേരിയിൽ സ്ഥാപിക്കുന്ന എ.കെ.ജി. മ്യൂസിയത്തിന് അഞ്ചരക്കണ്ടിപ്പുഴയ്ക്ക് സമീപത്ത് നിന്നും ലാന്റ്സ്കേപ്പിംഗ് പ്രദർശന സംവിധാനം സജ്ജമാക്കുന്നതുൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-107-89—ശ്രീചിത്ര ആർട്ട് ഗ്യാലറി

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പദ്ധതി)

113. ശ്രീചിത്ര ആർട്ട് ഗ്യാലറിക്ക് സമീപത്തായി പുതിയതായി നിർമ്മിക്കുന്ന രാജാരവിവർമ്മ ആർട്ട് ഗ്യാലറി കെട്ടിടത്തിന്റെ പൂർത്തീകരണ പ്രവൃത്തികൾ, ലാന്റ്സ്കേപ്പിംഗ്, ആർട്ട് ഗ്യാലറിയിൽ ഇന്റർപ്രിട്ടേഷൻ സെന്റർ ആരംഭിക്കൽ, ലൈബ്രറി സജ്ജമാക്കൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-800-30 —'മഴമിഴി' നവമാധ്യമ കലാപരിപാടികൾ

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പദ്ധതി)

114. കോവിഡ് മഹാമാരിയിലും വെള്ളപ്പൊക്കത്തിലും ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട കലാസമൂഹത്തിന് അവരുടെ കലാപരിപാടികൾ ഡിജിറ്റൽ പ്ലാറ്റ് ഫോമിൽ അവതരിപ്പിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയുടെ പൂർത്തീകരണത്തിന് പര്യാപ്തമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2205-00-800-29—സമം - ലിംഗസമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പദ്ധതി)

115. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങളിൽ പ്രതിഷേധിക്കുന്ന 'സമം' പദ്ധതിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-04-190-99—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

01—മരാമത്തുപണികൾ

ബഡ്ജറ്റ് വിഹിതം : 16 കോടി രൂപ (പദ്ധതി)

116. ഫിലിം ഇൻഫ്രാസ്ട്രക്ചറൽ സൗകര്യങ്ങളുടെ വികസനം, സ്റ്റുഡിയോകൾ, തിയേറ്ററുകൾ എന്നിവയുടെ വികസനം, പുതിയ തീയേറ്ററുകളുടെ നിർമ്മാണം, ചലച്ചിത്ര നിർമ്മാണത്തിലെ സാങ്കേതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരുടെ സിനിമാ നിർമ്മാണം തുടങ്ങിയ പരിപാടികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 57.54 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-04-800-85—ഡയറക്ടറേറ്റ് ഓഫ് കൾച്ചർ കോംപ്ലക്സിന്റെ നിർമ്മാണം

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പദ്ധതി)

117. തിരുവനന്തപുരം ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരിക ഡയറക്ടറേറ്റ് ഓഫീസിനും മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുത്ത് പ്രവർത്തനം ആരംഭിക്കുന്നതിലേക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-04-800-84—കലാകാരന്മാർക്കുള്ള അഭയകേന്ദ്രം (ഹോം സ്റ്റേ/കലാഗ്രാമം)

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പദ്ധതി)

118. നിരാലംബരായ കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കുമുള്ള സുസ്ഥിര ഉപജീവനമാർഗ്ഗമായ 'അഭയകേന്ദ്രം' പദ്ധതിക്കായി ഭൂമി ഏറ്റെടുത്ത് പ്രാരംഭ പ്രവൃത്തികൾ ചെയ്യുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 4.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-04-800-83 —<u>ഫ്രീഡം മെമ്മോറിയൽ പാർക്ക്</u>

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പദ്ധതി)

119. ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ സ്വാതന്ത്ര്യ സമരസേനാനികളുടെ സ്മാരകങ്ങൾക്കായി സ്മാരക പാർക്കുകൾ നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുത്ത് പ്രാരംഭ പ്രവൃത്തികൾ ചെയ്യുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4202-04-800-82—<u>സാംസ്കാരിക പൈതൃക ഗ്രാമം</u>

ബഡ്ജറ്റ് വിഹിതം: 1 കോടി രൂപ (പദ്ധതി)

120. കേരളത്തിന്റെ സമ്പന്നമായ പൈതൃകത്തെ പ്രതിഫലിപ്പിക്കുന്ന നാടൻ പാരമ്പര്യങ്ങളും കരകൗശല വസ്തുക്കളും പ്രദർശിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിക്കുന്ന പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ <u>10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**കായിക യുവജനകാര്യ വകുപ്പ്**

2204-00-103-98—<u>വിദ്യാർത്ഥികളല്ലാത്തവർക്കുള്ള യുവജനക്ഷേമ പരിപാടികൾ -യൂത്ത് വെൽഫയർ ബോർഡ്</u>

31—<u>സഹായധനം - ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 35.05 ലക്ഷം രൂപ (പദ്ധതിയേതരം)

121. യുവജനക്ഷേമ ബോർഡിലെ സ്ഥിരം ജീവനക്കാരുടെയും ഡെപ്യൂട്ടേഷൻ ജീവനക്കാരുടെയും ശമ്പളം, ശമ്പള പരിഷ്കരണ കുടിശ്ശിക, യാത്രാബത്ത എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ <u>2.384 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2204-00-103-68—<u>കേരള സംസ്ഥാന യൂത്ത് കമ്മീഷൻ</u>

31—<u>സഹായധനം - ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 76.06 ലക്ഷം രൂപ (പദ്ധതിയേതരം)

122. സംസ്ഥാന യുവജന കമ്മീഷനിലെ ജീവനക്കാരുടെ പുതുക്കിയ ശമ്പളം, ശമ്പളപരിഷ്കരണ കുടിശ്ശിക, അംഗങ്ങളുടെ ഓണറേറിയം, യാത്രാബത്ത, അംഗങ്ങളുടെ പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പദ്ധതി)

11.38 ലക്ഷം രൂപ (പദ്ധതിയേതരം)

123. കമ്മീഷന്റെ അദാലത്തുകൾ, ഗ്രീൻ സോൺ പദ്ധതി, പാർശ്വവത്കൃത യുവജനങ്ങളുടെ ആരോഗ്യ പരിപാലനം, യൂത്ത് സർവ്വേ, വിർച്വൽ എംപ്ലോയ്മെന്റ് പദ്ധതി എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

124. കമ്മീഷൻ ചെയർപേഴ്സന്റെ ഔദ്യോഗിക വാഹനത്തിന്റെ വാടക, കരാർ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള വാഹനത്തിന്റെ വാടകയും അറ്റകുറ്റപ്പണികളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ സർവ്വീസ് & മെയിന്റനൻസ്, സ്റ്റേഷനറി, ഫോൺ, വൈദ്യുതി ചാർജ്, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-97—കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള ധനസഹായം

31—സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം: 10.5067 കോടി രൂപ (പദ്ധതിയേതരം)

125. സ്പോർട്സ് കൗൺസിൽ ജീവനക്കാരുടെ ശമ്പളം, ഡി.എ., ഡി.എ. കുടിശ്ശിക, പെൻഷൻ പറ്റിയ ജീവനക്കാരുടെ ആനുകൂല്യങ്ങൾ, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 7.1421 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം: 27.4609 കോടി രൂപ (പദ്ധതി)

5.7371 കോടി രൂപ (പദ്ധതിയേതരം)

126. സ്പോർട്സ് ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനം, അസോസിയേഷനുകൾക്ക് ഗ്രാന്റ് അനുവദിക്കൽ, കായിക ഉപകരണങ്ങളുടെ വാങ്ങൽ, വനിതാ വോളിബോൾ അക്കാഡമി, വനിതാ ജംപ്സ് അക്കാഡമി, വാട്ടർ സ്പോർട്സ് അക്കാഡമി തുടങ്ങിയ പദ്ധതികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 26.30 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

127. സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-95—ദേശീയവും അന്തർദേശീയവുമായ കായിക മത്സരങ്ങളിൽ വിജയികൾക്ക് പ്രോത്സാഹന സമ്മാനത്തുക

ബഡ്ജറ്റ് വിഹിതം : 1.50 കോടി രൂപ (പദ്ധതിയേതരം)

128. ദേശീയ അന്തർദേശീയ മത്സരങ്ങളിൽ വിജയിച്ചുവരുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-91—ഡിപ്പാർട്ടുമെന്റ് സ്കൂളുകളിൽ കായിക വിനോദ വിഭാഗങ്ങളിൽ സൗകര്യങ്ങൾ സജ്ജീകരിക്കൽ (സ്പോർട്സ് സ്കൂളുകളും ഡിവിഷനുകളും)

05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം: 6.5 ലക്ഷം രൂപ (പദ്ധതിയേതരം)

129. ജി.വി. രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിലെ വെള്ളക്കരത്തിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 6 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2204-00-104-90—സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിന്

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പദ്ധതിയേതരം)

130. അവശ സർക്കസ് കലാകാരന്മാരുടെ 2021-22 വർഷത്തെ കുടിശ്ശിക അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പൊതുമരാമത്ത് വകുപ്പ്**

4202-01-202-91—അടിസ്ഥാന സൗകര്യ വികസനം

ബഡ്ജറ്റ് വിഹിതം : 25.15 കോടി രൂപ (പദ്ധതി)

131. കരാറുകാർക്ക് ഈ ശീർഷകത്തിൽ 31-1-2022 വരെ നൽകുവാനുള്ള കുടിശ്ശിക 32.48 കോടി രൂപയാണ്. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-89 —ഗവ: കോളേജുകളിൽ വനിതാ ഹോസ്റ്റലുകളുടെ നിർമ്മാണം

ബഡ്ജറ്റ് വിഹിതം : ഇല്ല

132. നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 31-1-2022 വരെ ഈ ശീർഷകത്തിൽ കരാറുകാർക്ക് 51.16 ലക്ഷം രൂപ നൽകുവാനുണ്ട്. കുടിശ്ശിക നൽകുവാനുള്ള തുകയുൾപ്പെടെ ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-85—കോളേജുകൾക്ക് നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം (ഒറ്റ തവണ കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം: ഇല്ല

133. ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 31-1-2022 വരെ കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുക 3.48 കോടി രൂപയാണ്. ടി തുകയുൾപ്പെടെ ഈ ശീർഷകത്തിൽ 4.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-83—കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന പരിപാടി (സി.ഐ.യു.പി)- അടിസ്ഥാന സൗകര്യം

ബഡ്ജറ്റ് വിഹിതം: ഇല്ല

134. ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 31-1-2022 വരെ കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക 13.05 കോടി രൂപയാണ്. പ്രസ്തുത തുകയുൾപ്പെടെ ഈ ശീർഷകത്തിൽ 17 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-75—കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ പദ്ധതി (സി.ക്യൂ.ഐ.പി.) അടിസ്ഥാന സൗകര്യം

ബഡ്ജറ്റ് വിഹിതം : ഇല്ല

135. കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുകയായ 1 കോടി രൂപയുൾപ്പെടെ ഈ ശീർഷകത്തിൽ 1.7 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-71—ഗുണനിലവാര മെച്ചപ്പെടുത്തലും നവീകരണവും

ബഡ്ജറ്റ് വിഹിതം : 2.6 കോടി രൂപ (പദ്ധതി)

136. 31-1-2022 വരെ കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുക 5.89 കോടി രൂപയാണ്. ആയതിനാൽ ഈ ശീർഷകത്തിൽ പ്രസ്തുത തുകയുൾപ്പെടെ 6.4 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-104-99—പോളിടെക്നിക്കുകൾക്ക് കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : 22 കോടി രൂപ (പദ്ധതി)

137. കരാറുകാർക്ക് 31-1-2022 വരെ നൽകുവാനുള്ള കുടിശ്ശിക തുകയായ 24.48 കോടി രൂപയുൾപ്പെടെ 13 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-104-94—പോളിടെക്നിക്കുകൾക്ക് കെട്ടിടം (ഒറ്റ തവണ കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം: ഇല്ല

138. 31-1-2022 വരെയുള്ള കണക്കുകൾ പ്രകാരം കരാറുകാർക്ക് 32.43 ലക്ഷം രൂപയുടെ കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ട്. ആയതിനാൽ ടി തുകയുൾപ്പെടെ 55 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-105-99—കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : ഇല്ല

139. കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുകയായ 7.06 കോടി രൂപയുൾപ്പെടെ 12 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-105-93—തൃശ്ശൂർ ഗവ: എഞ്ചിനീയറിംഗ് കോളേജ് -ഒറ്റത്തവണ അധിക കേന്ദ്ര സഹായം

ബഡ്ജറ്റ് വിഹിതം : ഇല്ല

140. കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുകയായ 79.99 ലക്ഷം രൂപയുൾപ്പെടെ 1.35 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-105-90—മറ്റ് എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം

ബഡ്ജറ്റ് വിഹിതം: ഇല്ല

141. കരാറുകാർക്ക് ഈ ശീർഷകത്തിൽ നൽകുവാനുള്ള കുടിശ്ശിക തുകയായ 5.95 കോടി രൂപയുൾപ്പെടെ 9 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-105-89 —രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം

ബഡ്ജറ്റ് വിഹിതം : ഇല്ല

142. കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുകയായ 76.20 ലക്ഷം രൂപയുൾപ്പെടെ 1.25 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-02-105-88—എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും കായികവിദ്യാഭ്യാസം ശക്തിപ്പെടുത്തലും വികസനവും

ബഡ്ജറ്റ് വിഹിതം: ഇല്ല

143. കരാറുകാർക്ക് 31-1-2022 വരെ നൽകുവാനുള്ള കുടിശ്ശിക തുകയായ 13.20 ലക്ഷം രൂപയുൾപ്പെടെ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-03-800-91—എൻ.സി.സി. കെട്ടിടനിർമ്മാണം

ബഡ്ജറ്റ് വിഹിതം: 5.15 കോടി രൂപ (പദ്ധതി)

144. കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുകയായ 4.47 കോടി രൂപയുൾപ്പെടെ 2.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

145. മരാമത്ത് ജോലികൾ സംബന്ധിച്ച ഡി.എസ്.ആർ. നിരക്ക് (Delhi Schedule of Rate) 2016-ൽ നിന്നും 2018-നെ അടിസ്ഥാനമാക്കി മുൻകാലപ്രാബല്യത്തിൽ വർദ്ധിച്ചിരിക്കുന്നതിനാൽ വർദ്ധനവിനനുസൃതമായി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ച് ആയതിനുള്ള ബഡ്ജറ്റ് വിഹിതം ഉറപ്പാക്കണമെന്ന് പൊതുവിദ്യാഭ്യാസ/ ഉന്നതവിദ്യാഭ്യാസ വകുപ്പുകളോട് സമിതി നിർദ്ദേശിക്കുന്നു.

വി. ശിവൻകുട്ടി,

*അദ്ധ്യക്ഷൻ,*

*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2022 ഏപ്രിൽ 27.